
# തൂലിക

Newsletter of
Jesus Youth
*Dubai*

Issue 414
16 January 2015



"ഇതാ, ഞാൻ പുതിയ ഒരു കാര്യം ചെയ്യുന്നു. അതു
മുളയെടുക്കുന്നതു നിങ്ങൾ അറിയുന്നില്ലേ? ഞാൻ വിജനദേശത്ത്
ഒരു പാതയും മരുഭൂമിയിൽ നദികളും ഉണ്ടാക്കും." ഏശയ്യാ 43:19

തൂലിക
ജീസസ്സ് യൂത്ത് ദുബായിയുടെ വാരാന്ത്യ വാർത്താ പത്രിക

# ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| യൗവനം വേഗം തീരും | 4 |
| വിശുദ്ധരുടെ ജീവിതങ്ങൾ | 7 |
| യുകാറ്റ് കോർണർ | 10 |
| ഹൃദിസ്ഥമാക്കാൻ ഒരു വചനം | 10 |
| നുറുങ്ങു ചിന്തകൾ | 11 |
| വാർത്തകൾ | 13 |
| അറിയിപ്പുകൾ | 14 |




http://thoolikaa.org

http://thoolikaa.net

**യേശു ദൈവപുത്രനാണെന്ന് ഏറ്റുപറയുന്നവനിൽ ദൈവം വസിക്കുന്നു; അവൻ ദൈവത്തിലും വസിക്കുന്നു ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം അറിയുകയും അതിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹമാണ്. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു**

1 യോഹന്നാൻ 4:15,16

## മൊഴിമുത്തുകൾ

സഭ തന്റെ ജീവിതം എത്ര കൂടുതൽ മറിയത്തിന്റേതുപോലെയാക്കുന്നുവോ അത്ര കൂടുതലായി അവൾ മാതൃഭാവമുള്ളവളാകുന്നു. ഒരു വിശ്വാസിക്ക് അത്ര കൂടുതലായി ദൈവത്തിന്റെ പുനർജാതനാകാനും അനുരഞ്ജനം സാധിക്കാനും കഴിയുന്നു.

*ബ്രദർ റോജർ ഷൂറ്റസ് (1915-2005)*

# പുതുവത്സരത്തെ വരവേൽക്കാം ...

ഇതാ ഒരു പുതുവർഷം കൂടി തമ്പുരാൻ നമുക്ക് നൽകിയിരിക്കുന്നു. മുൻവർഷങ്ങളിലെ പോലെ പല പുതിയ തീരുമാനങ്ങളും എടുത്തവരായിരിക്കും നമ്മിൽ പലരും. കഴിഞ്ഞ വർഷക്കാലം നിരവധിയായ അനുഗ്രഹങ്ങൾ ഈശോ നമുക്കു നൽകി അതൊന്നും നമ്മുടെ കഴിവുകൊണ്ടല്ല ദൈവത്തിന്റെ അനന്തമായ കാരുണ്യം കൊണ്ടു മാത്രമാണ്. മുൻപ് എടുത്ത പല നല്ല തീരുമാനങ്ങളും പാതിവഴിയിൽ ഉപേക്ഷിച്ചുവോ നാം? എന്നിരുന്നാലും, പാതിവഴിയിൽ ഉപേക്ഷിക്കാതെ നമ്മെ എപ്പോഴും തന്റെ മാറോട് ചേർത്തുപിടിക്കുന്ന ഈശോയുടെ സ്നേഹം നമുക്ക് അനുസ്മരിക്കാം.

ധൂർത്ത പുത്രന്റെ ഉപമയിൽ (ലൂക്ക 15: 11-32) തന്നിഷ്ട പ്രകാരം ജീവിക്കുവാൻ ശാഠ്യം പിടിച്ച തന്റെ ഇളയ പുത്രന് അതിനുള്ള സ്വാതന്ത്ര്യം അനുവദിച്ച ആ പിതാവ് തന്റെ പൊന്നോമന മകന്റെ തിരച്ചു വരവിനായി ക്ഷമയോട് കാത്തിക്കുന്നു. ലോകമോഹങ്ങിൽ ആർത്തുല്ലസിച്ചു സുബോധം നഷ്ടപ്പെട്ട് ജീവിച്ച മകന് നൈമിഷിക സുഖങ്ങളുടെ ഹ്രസ്വത വളരെ വേഗം മനസിലാക്കുവാൻ സഹനങ്ങളിലൂടെ ദൈവം അവസരം കൊടുക്കുന്നു. വചനം ഇങ്ങനെ സാക്ഷ്യപ്പെടുത്തുന്നു **'അപ്പോൾ അവനു സുബോധമുണ്ടായി'**. അതിനു ശേഷം അവൻ ചില പുതിയ തീരുമാനങ്ങൾ എടുക്കുന്നുണ്ട്, **'ഞാൻ എഴുന്നേററ് എന്റെ പിതാവിന്റെ അടുത്തേക്കു പോകും'.**

നമ്മളും ധൂർത്തപുത്രനെ പോലെ ലോക മോഹങ്ങളിലും മററു സ്വകാര്യ പാപങ്ങളിലും ഉഴലുകയാണോ ഇപ്പോഴും? സ്നേഹ നിധിയായ ദൈവം തന്നിലേക്ക് നമ്മെ മാടിവിളിക്കുന്നു. നമുക്കും തീരുമാനമെടുക്കാം ഏതു പാപമേഖലയിലാണോ ഞാൻ വീണ്ടും വീണ്ടും വീണു പോകുന്നത് അവിടെ നിന്നു ഞാൻ എഴുന്നേൽക്കും എന്നിട്ട് കുമ്പസാര കൂട്ടിൽ എന്നെയും കാത്ത് ക്ഷമയോട് കാത്തിരിക്കുന്ന പിതാവിന്റെ പക്കലേക്ക് പശ്ചാത്താപത്തോട് കടന്നു ചെല്ലും, അപ്പോൾ പിതാവെന്നെ ആശ്ലേഷിക്കും.

നമ്മുടെ ദൈവം വളരെ മാന്യനായ വ്യക്തിയാണ് നമ്മുടെ വ്യക്തിസ്വാതന്ത്ര്യത്തിൽ ഒരിക്കലും അദ്ദേഹം കൈകടത്തില്ല. **(പ്രഭാഷകൻ 15:17) അഗ്നിയും ജലവും അവിടുന്ന് നിൻെറ മുമ്പിൽ വച്ചിരിക്കുന്നു; ഇഷ്ടമുള്ളത് എടുക്കാം ജീവനും മരണവും മനുഷ്യൻെറ മുമ്പിലുണ്ട്; ഇഷ്ടമുള്ളത് അവനു ലഭിക്കും.**

മറിയത്തെപ്പോലെ നല്ല ഭാഗം തെരഞ്ഞെടുക്കുവാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം (ലൂക്ക.10:42) ഓരോ പ്രഭാതത്തിലും ഉണർന്നെഴുന്നേൽക്കുമ്പോൾ ഈശോയോട് ഈ ദിവസം വിശുദ്ധിയോടെ ഓരോ പ്രവൃത്തിയും ചെയ്യുവാനുള്ള കൃപയ്ക്കായ് പ്രാർത്ഥിക്കാം അതിനായി പരിശ്രമിക്കാം. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

**ഷാബു ചുമ്മാർ**
055 4960319

ലേഖനം



# യൗവനം വേഗം തീരും

ഡെയ്സമ്മ രാജീവ്

*യൗവനം മോഹനം സുന്ദരം മാധുര്യം*
*യുവതീ യുവാക്കളേ, യൗവനം വേഗം തീരും ആരോഗ്യം കുറഞ്ഞീടും*
*യൗവനത്തിൽ നിൻ സൃഷ്ടി കർത്താവിൻ*
*പാദം ചേർന്നീടുക...*

എന്റെ യൗവനകാലത്ത് കേൾക്കുകയും പാടുകയും എന്നെ സ്വാധീനിക്കുകയും ചെയ്ത ഒരു പാട്ടിന്റെ ആദ്യ വരികളാണിവ. ഇപ്പോൾ ഞാൻ മധ്യവയസ്കയായിക്കഴിഞ്ഞു. കഴിഞ്ഞ ഡിസംബർ 31-ന്റെ സായാഹ്നത്തിൽ (അന്നാണെന്റെ ജന്മദിനവും) ഞാനോർത്തു; ഈ ഭൂമിയിൽ നല്ല ഫലം പുറപ്പെടുവിക്കുവാനായി ദൈവം എനിക്കു തന്ന ആയുസ്സിന്റെ ഒരു വർഷം കൂടി കടന്ന് പോയിരിക്കുന്നു ! മനുഷ്യന്റെ ആയുസ്സ് ശരാശരി 70 ആണ്; ഏറിയാൽ 80. എന്റെ ആയുസ്സിന്റെ ദിനങ്ങൾ 17155-ഓളം കടന്ന് പോയി. ഇനി 80 വയസ്സ്വരെ ജീവിച്ചിരുന്നാലും 12045 ദിവസങ്ങൾ മാത്രം അവശേഷിച്ചിരിക്കുന്നു. അതിൽ ഏറെക്കാലവും മറ്റുള്ളവരെ ആശ്രയിച്ചും, രോഗാവസ്ഥയിലുമൊക്കെയായി കഴിഞ്ഞു പോകാനും ഇടയുണ്ട്.

മനുഷ്യന്റെ ഏറ്റവും സുന്ദരമായ കാലഘട്ടമാണ് അവന്റെ യൗവനം. ആരോഗ്യവും, ഉത്സാഹവും, ധൈര്യവും, സൗന്ദര്യവുമൊക്കെ അതിന്റെ ഉച്ചസ്ഥായിലായിരിക്കുന്ന സമയം. അതിനാൽ ഏറ്റവും നല്ല ഫലം ധാരാളം പുറപ്പെടുവിക്കുവാൻ സാധിക്കുന്ന സമയവും യൗവനം തന്നെ. സാധാരണയായി മനുഷ്യൻ ഈ കാലയളവിൽ ധനസമ്പാദനത്തിനും, കുടുംബകാര്യങ്ങളിലുമൊക്കെയായി വളരെ തിരക്കിലായിരിക്കും. അതിനിടയിൽ ദൈവം നമ്മിൽ നിന്നാഗ്രഹിക്കുന്ന ഫലം പുറപ്പെടുവിക്കാൻ നാം മറന്ന് പോകുന്നു, അല്ലെങ്കിൽ പിന്നത്തേയ്ക്ക് നീട്ടി വയ്ക്കുന്നു. ഇനി എന്നാണ് നല്ല ഫലം പുറപ്പെടുവിക്കുവാനാകുക?

"ഒന്നിലും സന്തോഷം തോന്നുന്നില്ല എന്നു നീ പറയുന്ന ദുർദ്ദിനങ്ങളും വർഷങ്ങളും ആഗമിക്കും മുമ്പ് യൗവന കാലത്ത് സൃഷ്ടാവിനെ സ്മരിക്കുക" (സഭാപ്രസംഗകൻ 12:01)

**പരിശ്രമങ്ങൾ പരാജയപ്പെടുന്നുണ്ടോ?**

നല്ല ഫലം പുറപ്പെടുവിക്കുവാനായി ഒന്നാമതായി വേണ്ട കാര്യം ശാഖകളായ നാം യേശുവായ തായ്ത്തണ്ടിനോട് ചേർന്ന് നിൽക്കുകയാണ് എന്ന് യേശു പറഞ്ഞിട്ടുണ്ടല്ലോ (യോഹ 15:3–6)

രണ്ടാമതായി ദൈവത്തിന് നമ്മെക്കുറിച്ചുള്ള സ്വപ്നം എന്തെന്ന് മനസ്സിലാക്കി അതനുസരിച്ച് പ്രവർത്തിക്കുകയാണ്. ഇതു സാധ്യമാക്കാനായി, യേശുവിന്റെ വക്ഷസിൽ ചാരികിടന്നുകൊണ്ട് അവനുമായി സംഭാഷണങ്ങൾ നടത്തുകയും കാര്യങ്ങൾ ചോദിച്ചറിയുകയും ചെയ്തിരുന്ന യേശുവിന്റെ പ്രിയശിഷ്യനായ യോഹന്നാന് യേശുവിനോടുള്ള തുറവിയും, സ്നേഹബന്ധവും നമുക്കുമുണ്ടാകണം.

മൂന്നാമതായി ദൈവ കൃപയ്ക്കായി പ്രാർത്ഥിക്കുക. ദൈവഹിതം നമ്മിൽ നിറവേറാൻ അവന്റെ കൃപ കൂടിയേ തീരൂ.

ഇങ്ങനെ ക്രിസ്തുവിനോട് ചേർന്ന് നിന്നുകൊണ്ട് നമ്മെക്കുറിച്ച് ദൈവത്തിനുള്ള സ്വപ്നം തിരിച്ചറിഞ്ഞ് ദൈവഹിതപ്രകാരം പ്രവർത്തിക്കുവാനായുള്ള കൃപയ്ക്കായി പ്രാർത്ഥിച്ചുകൊണ്ട് നടത്തുന്ന പ്രവർത്തനങ്ങളിൽ വിജയം കണ്ടെത്താനാകും. ഇങ്ങനെയുള്ള വ്യക്തികൾ സാവധാനം സമൂഹത്തിന്റെ ഉചഅ ആയി രൂപാന്തരപ്പെടുന്നു.

## DNA

D – Divine Truth വചനമാകുന്ന സത്യത്തോട് സ്നേഹവും അടുപ്പവും, ആത്മാർത്ഥതയും ഉള്ളവരാകുന്നു

N – Nurturing Relationship മറ്റുള്ളവരുമായുള്ള സ്നേഹബന്ധവും ഐക്യവും വളർത്തുന്നു

A – Apostolic Mission അന്ധകാരമുള്ളിടത്ത് പ്രകാശമായി ലോകമെങ്ങും സുവിശേഷം എത്തിക്കുവാൻ സാധിക്കുന്നു.

**യുവാക്കളുടെ ഇടയിൽ പ്രവർത്തിക്കുവാൻ യുവാക്കളാണ് ഉത്തമം**

വഴി തെറ്റിപ്പോകുവാൻ സാധ്യതകൾ കുറവായിരുന്ന കാലത്തായിരുന്നു ഞങ്ങളുടെ യൗവനം. ഇന്ന് സ്ഥിതി അതല്ല. ന്യൂ ജനറേഷന്റെ കുശാഗ്ര ബുദ്ധിയോ, സാങ്കേതിക വിദ്യയിലുള്ള പ്രാവീണ്യമോ, ഭാഷകളിലുള്ള സാമർത്ഥ്യമോ ഇല്ലാത്ത "പഴഞ്ചൻ തലമുറ"യുടെ ഉപദേശങ്ങളോ, അനുഭവസാക്ഷ്യങ്ങളോ ഇന്നത്തെ യുവാക്കൾ നിരസിച്ചേക്കാം. എന്നാൽ സ്വന്തം കൂട്ടത്തിൽ നിന്നൊരാൾ സംസാരിച്ചാൽ / പ്രവർത്തിച്ചാൽ വൻ സ്വീകരണം ലഭിക്കാറുമുണ്ട്. ഇവിടെയാണ്

ഒരു DNA യുടെ പ്രവർത്തന സാധ്യത.

പ്രേഷിത സഭയുടെ മക്കളായ നാമോരോരുത്തരും പ്രേഷിതരാണ്; അയയ്ക്കപ്പെട്ടവരാണ്; നല്ല ഇടയന്മാരാകേണ്ടവരാണ്. കള്ള ഇടയന്മാരും, കവർച്ചക്കാരും ധാരാളമുള്ള ഈ സമൂഹത്തിൽ നല്ലയിടയന് പ്രതിസന്ധികൾ ധാരാളമുണ്ടാകും. എങ്കിലും ഭയപ്പെടേണ്ടതില്ല; കാരണം, ദൈവം നമ്മെ നമ്മുടെ ശത്രുക്കളേക്കാൾ ശക്തരാക്കും. ദാവീദ് തന്റെ കൗമാര പ്രായത്തിലാണ് ശക്തനും ഭീമാകാരനുമായ ഗോലിയാത്തിനെ വീഴ്ത്തിയത്.

## കൂട്ടായ്മയുടെ ശക്തി

സമരിയാക്കാരി സ്ത്രീയെപ്പോലെ ഒറ്റയ്ക്കും നമുക്ക് ദൈവരാജ്യ വിസ്തൃതിക്കായി പ്രവർത്തിക്കാനാകും. എങ്കിലും കൂട്ടായ്മകളുമായി ചേർന്ന് പ്രവർത്തിക്കുമ്പോൾ കൂടുതൽ ഫലം പുറപ്പെടുന്നു. പലരുടെ പലവിധ കഴിവുകളൊട് ചേർന്ന് നിന്ന് കൊണ്ട് പ്രവർത്തിക്കാൻ സാധിക്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. സഭയുടെ ഇത്തരം പ്രവർത്തനങ്ങളിൽ നിന്നു പ്രചോദനം ഉൾക്കൊണ്ട് അവ അനുകരിക്കുവാൻ മറ്റ് സമുദായങ്ങളും, സംഘടനകളും മുന്നോട്ട് വരാറുണ്ട് എന്നത് ആശാവഹമായ കാര്യമാണ്. ഉദാഹരണത്തിന് വി. ചാവറയച്ചന്റെ നേതൃത്വത്തിൽ നടത്തിയ ദേശീയോദ്ഗ്രഥന പ്രവർത്തനങ്ങൾ പല മതസംഘടനകളും അനുകരിക്കുന്നുണ്ട്.

## ഒട്ടകപക്ഷിയെപ്പോലെയാകരുത്

ചുറ്റും നടക്കുന്നവ കാണാതിരിക്കാൻ മണലിൽ തല പൂഴ്ത്തി നിൽക്കുന്ന ഒട്ടകപക്ഷിയെപ്പോലെയാകരുത് യുവാക്കൾ. അവർ ചുറ്റും നടക്കുന്നവ ശ്രദ്ധിക്കണം. ഗർഭഛിദ്രം, ദയാവധം, സ്വവർഗ്ഗരതി, ദാരിദ്ര്യം, ബാലപീഢനം, സ്ത്രീപീഢനം, കപടരാഷ്ട്രീയം, മതപീഢനം, ഭീകര പ്രവർത്തനം, സാത്താൻസേവ..... തുടങ്ങിയ സാമൂഹ്യ വിപത്തുകൾ ഇന്ന് ലോകത്തിൽ വ്യാപകമാകുന്നു. മ്ലേഛകരവും, ഹീനവുമായ തെറ്റുകളെ പലവിധ ന്യായവാദങ്ങൾ നിരത്തിക്കൊണ്ട് ശരിയായി ചിത്രീകരിച്ച് അവയെ നിയമാനുസ്യതമാക്കുന്നു. ദൈവത്തിന്റെ സ്നേഹത്തിനും അവന് മനുഷ്യകുലത്തെക്കുറിച്ചുള്ള പദ്ധതിക്കും എതിരായി മനുഷ്യർ നടത്തുന്ന കാര്യങ്ങൾ തിരുത്തേണ്ടത് ദൈവമക്കളായ നാമോരോരുത്തരുടെയും കടമയാണ്.

□ചെയ്യേണ്ട നന്മ എന്താണെന്നറിഞ്ഞിട്ടും അത് ചെയ്യാതിരിക്കുന്നവൻ പാപം ചെയ്യുന്നു□(യാക്കോ 4:17)

എല്ലാവർക്കും വിളി ലഭിച്ചിട്ടുണ്ട്. കഴിവും, ശക്തിയും ദൈവമാണ് തരുന്നത്. അവിശ്വാസം, ഭയം, അലസത, പിന്മാറൽ, അവഗണിക്കൽ.... ഇവയൊക്കെ സാത്താനിൽ നിന്നു വരുന്നു. സഭയോട് ചേർന്നുനിന്നു കൊണ്ട് സഭാതനയന്മാരെ അനുസരിച്ചും, സ്നേഹിച്ചും, നല്ല ഫലം പുറപ്പെടുവിക്കുന്നവരാകുക. ദൈവകൃപയാൽ നിറഞ്ഞ് പ്രവർത്തിക്കുവാനുള്ള അനുഗ്രഹം എല്ലാവർക്കും ഉണ്ടാകട്ടെ....

## *ജീവിത സഹനങ്ങളെ ആരാധനയാക്കിയ വിശുദ്ധൻ*

# വിശുദ്ധ പീറ്റർ ജൂലിയൻ എയിമണ്ട്



പരിശുദ്ധ കന്യാമറിയത്തോടുള്ള അടങ്ങാത്ത ഭക്തിയിലൂടെ പ്രസിദ്ധി നേടിയ വിശുദ്ധനാണ് പീറ്റർ ജൂലിയൻ. വിശുദ്ധ കുർബാനയോടുള്ള അദ്ദേഹത്തിന്റെ സ്നേഹവും ഭക്തിയും പ്രസിദ്ധമായിരുന്നു. വി. കുർബാനയോടുള്ള ഭക്തി പ്രോത്സാഹിപ്പിക്കുന്നതിനായി രണ്ടു സന്യാസ സഭകൾ തന്നെ അദ്ദേഹം തുടങ്ങി. 1811 ൽ ഫ്രാൻസിലെ ലാമുറേയിൽ ദരിദ്രമായ ഒരു കുടുംബത്തിലാണ് പീറ്റർ ജനിച്ചത്. ഫ്രഞ്ച് വിപ്ലവത്തിനു ശേഷമുള്ള ആ കാലഘട്ടം ക്രൈസ്തവർ പീഢനങ്ങൾ അനുഭവിച്ചിരുന്ന സമയമായിരുന്നു. യേശുവിലുള്ള അടിയുറച്ച വിശ്വാസത്തിൽ വളർന്നു വന്ന പീറ്റർ ചെറുപ്രായത്തിൽ തന്നെ വൈദികനാകണമെന്ന് ശപഥം ചെയ്തിരുന്നു. മാതാപിതാക്കളുടെ എതിർപ്പ് വകവയ്ക്കാതെ  അദ്ദേഹം പുരോഹിതൻ ആകാൻ തീരുമാനിച്ചു. അങ്ങനെ വൈദിക പഠനം തുടങ്ങി. പക്ഷെ രോഗങ്ങൾ തടസ്സമായപ്പോൾ വൈദിക പഠനം ഉപേക്ഷിച്ച് സെമിനാരിയിൽ നിന്നും അദ്ദേഹത്തിനു മടങ്ങേണ്ടി വന്നു.

എന്നാൽ വൈദികനാകണമെന്നുള്ള തന്റെ മോഹം ഉപേക്ഷിക്കാൻ പീറ്റർ ജൂലിൻ തയ്യാറായില്ല. രോഗങ്ങൾ കുറഞ്ഞതോടെ വീണ്ടും സെമിനാരിയിൽ ചേരുകയും 1834–ൽ പൗരോഹിത്യ പട്ടം സ്വീകരിക്കുകയും ചെയ്തു. മാരിസ്റ്റ് പുരോഹിതരുടെ സഭയിലാണ് അദ്ദേഹം ചേർന്നത്. ഫാ. പീറ്റർ ജൂലിയൻ വി. കുർബാനയോടുള്ള ഭക്തിയാൽ 40 മണിക്കൂറിൽ അധികം ഇടവകയിൽ വചനപ്രഘോഷണം നടത്തിയിരുന്നു. ഫാ.പീറ്ററിന്റെ മതപ്രഭാഷണം നിരവധിപേരെ യേശുവിലേയ്ക്ക് ആകർഷിച്ചു. വിശുദ്ധ കുർബാനയോടുള്ള ഭക്തിക്ക് പ്രാധാന്യം കൊടുത്തിരുന്ന പീറ്റർ 1856–ൽ പുതിയൊരു സന്യാസ സഭയ്ക്ക് തുടക്കമിട്ടു □ വി. കുർബാനയുടെ വൈദികരുടെ സഭ□ എന്നായിരുന്നു അതിന്റെ പേര്. പിന്നീട് അദ്ദേഹം □ വി.കുർബാനയുടെ കന്യാസ്ത്രീകളുടെ സഭയ്ക്കും□ തുടക്കമിട്ടു.


രോഗവും അനാരോഗ്യവും പരിഗണിക്കാതെ അദ്ദേഹം ഈ സഭകളുടെ പ്രവർത്തനത്തിനു വേണ്ടി ജോലി ചെയ്തു. അദ്ദേഹത്തിനു 57 വയസ്സുള്ളപ്പോൾ ഒരു ധ്യാനത്തിനിടെ റോമിൽ വച്ചു രോഗം മൂർച്ഛിക്കുകയും അതേതുടർന്ന് മരണപ്പെടുകയും ചെയ്തു. 1962–ൽ പോപ്പ് ജോൺ ഇരുപത്തിമൂന്നാമൻ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു.

10

# തിരുവചനയാത്ര

THIRUVACHANA *yathra*

വചനത്തിലൂടെ പുതുവർഷത്തിലേക്ക്





























2015



# നിങ്ങളുടെ സംശയം, സഭയുടെ ഉത്തരം



## എന്തുകൊണ്ടാണ് പഴയനിയമം ദൈവത്തിന്റെ പ്രതിഛായകളെ നിരോധിക്കുന്നത്? എന്തുകൊണ്ട് ക്രിസ്ത്യാനികൾ ആ കല്പന പാലിക്കുന്നില്ല? (യുകാറ്റ് 358)

**ദൈവരഹസ്യം സംരക്ഷിക്കാനും അവിശ്വാസികളുടെ വിഗ്രഹാരാധനപരമായ അഭ്യസനങ്ങളിൽ നിന്ന് ഇസ്രായേൽ ജനത്തെ മാറ്റിനിറുത്താനുമായി ഒന്നാം കല്പനയിൽ ഇപ്ര കാരം പറഞ്ഞു:  നീ നിനക്കു വേണ്ടി പ്രതിമ നിർമ്മിക്കരുത് (പുറ.24:4). എന്നാലും ദൈവം തന്നെ യേശുക്രിസ്തുവിൽ ഒരു മാനുഷിക മുഖം സ്വീകരിച്ചുകൊണ്ട് പ്രതിമകൾ നിരോധിക്കുന്ന നിയമം ക്രിസ്തുമതം അസാധുവാക്കി. പൗരസ്ത്യ സഭയിൽ ഐക്കണുകൾ (പ്രതിഛായകൾ) വിശുദ്ധമായി കരുതുകപോലും ചെയ്യുന്നുണ്ട്. (2129 – 2132,2141)**

ദൈവം എല്ലാറ്റിനും അതീതമാണെന്നും (സർവാതിശായിത്വം) ലോകത്തിലുള്ള എന്തിനേക്കാളും വലിയവനാണെന്നും ഇസ്രായേലിന്റെ ഗോത്രപിതാക്കന്മാർ അറിഞ്ഞു. ആ അറിവ് ഇന്നു യഹൂദ മതത്തിലും ഇസ്ലാം മതത്തിലും നിലനില്ക്കുന്നുണ്ട്. ആ മതങ്ങളിൽ ദൈവത്തിന്റെ പ്രതിമയുണ്ടായിരിക്കാൻ ഒരിക്കലും അനുവദിച്ചിരുന്നില്ല. ഇന്നും അനുവദിക്കുന്നില്ല. എന്നാൽ ക്രിസ്തുമതത്തിൽ ക്രിസ്തുവിന്റെ ഭൗമിക ജീവിതത്തിന്റെ വെളിച്ചത്തിൽ, പ്രതിമാ നിരോധന കല്പന നാലാം നൂറ്റാണ്ടുമുതൽ മയപ്പെടുത്തി. രണ്ടാം നിഖ്യാ സൂനഹദോസിൽ (എ.ഡി. 787) ആ നിരോധനം എടുത്തുകളഞ്ഞു. ദൈവം തന്റെ മനുഷ്യാവതാരം മൂലം തികച്ചും സങ്കല്പാതീതനായിരിക്കുന്നില്ല. യേശുവിന്റെ ആഗമനശേഷം അവിടന്ന് എങ്ങനെയായിരിക്കുന്നുവെന്ന് നമുക്ക് ചിത്രീകരിക്കാനാവും.  **എന്നെ കണ്ടവൻ എന്റെ പിതാവിനെ കണ്ടു കഴിഞ്ഞു.**  (യോഹ 14:9)

## വിശുദ്ധരുടെ ജീവിതങ്ങൾ. . . തുടർച്ച

**പ്രാർത്ഥന.**

എന്റെ ദൈവമേ..... നിന്നിലാണ് ഞാൻ അഭയം തേടുന്നത്. എന്നെ നിരാശനാക്കരുതേ.... നല്ലവനായ ദൈവമേ.... നീ മാത്രം പരിശുദ്ധൻ, നീ മാത്രം കർത്താവ്, നീ മാത്രം സർവ്വശക്തൻ നീ മാത്രം മരണമില്ലാത്തവൻ, എല്ലാ അംഗീകാരവും മഹത്വവും നിനക്ക് അവകാശപ്പെട്ടത്. എല്ലാ സ്നേഹവും നന്ദിയും നിനക്ക് മാത്രമുള്ളതാകുന്നു. എന്നും എന്നേക്കും നിലനിൽക്കുന്നവനേ.. ഞങ്ങളെ അനുഗ്രഹിക്കണമേ...ആമ്മേൻ

## ഹൃദിസ്ഥമാക്കാൻ ഒരു വചനം

**ഞങ്ങളുടെ രക്ഷയുടെ ദൈവമേ, ഞങ്ങളെ പുനരുദ്ധരിക്കണമേ!**
**ഞങ്ങളോടുള്ള അങ്ങയുടെ രോഷം പരിത്യജിക്കണമേ.**

സങ്കീർത്തനങ്ങൾ 85:4

മെറിൻ തോമസ്

# അന്യം നിന്ന് പോകുന്ന മനോഭാവങ്ങൾ

പഴയതിൽ നിന്നും പുതിയതിലേക്ക് ലോകം തന്നെ മാറിക്കൊണ്ടിരിക്കുമ്പോൾ മനോഭാവങ്ങളുടെ കാര്യത്തിലും അവഗണിക്കാൻ സാധിക്കാത്ത ഈ മാറ്റം നാം ഇന്നു കണ്ടു വരുന്നു. കുടുംബങ്ങളിലെ സ്വരചേർച്ചയില്ലായ്മയ്ക്കും, ഔദ്യോഗിക ജീവിതത്തിലെ പരാജയങ്ങൾക്കും, സമാധാനക്കുറവിനുമൊക്കെ ഒരു പക്ഷെ പ്രധാന പങ്ക് വഹിക്കുന്നത് ഈ മനോഭാവങ്ങളാണ്. മനുഷ്യജീവിതം പ്രശ്നസങ്കീർണ്ണമാകുന്നതിന്റെ പ്രധാന കാരണവും ഇതു തന്നെയാണ്.

□ ആ സാരമില്ലെന്നെ□ , □ അതു പോട്ടെ ക്ഷമിച്ചു കളയൂ□ എന്ന് പറയുന്നതും, ചിന്തിക്കുന്നതുമായ ഒരു ശീലം മനുഷ്യനിൽ നിന്നും അന്യം നിന്നു പോകുന്നു എന്ന് ഒരു വൈദികൻ തന്റെ പ്രസംഗത്തിൽ പറയുന്നത് കേൾക്കുവാൻ ഇടയായി. ഒന്നു ചിന്തിച്ചപ്പോൾ ഏതൊരു വലിയ പ്രശ്നത്തിന്റെയും, വൈരാഗ്യങ്ങളുടെയുമൊക്കെ പിന്നിൽ മേൽപ്പറഞ്ഞ മനോഭാവത്തിന്റെ അഭാവമാണ്. ഔദ്യോഗിക ജീവിതത്തിലും, വ്യക്തിപരമായ ജീവിതത്തിലും പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നത് സർവ്വസാധാരണമാണ്. എന്നാൽ □ എങ്ങനെ?□ എന്നുള്ളത് വളരെ പ്രസക്തമായ ചോദ്യമാണ്. ജീവിതത്തിന്റെ സകല മേഖലകളിലും ഒന്നല്ലെങ്കിൽ വേറൊരു തരത്തിൽ നാം എല്ലാം തന്നെ പ്രശ്നങ്ങളെ നേരിടുന്നു. അല്ലെങ്കിൽ വ്യക്തികൾ തമ്മിലുള്ള പ്രശ്നങ്ങൾക്കോ, പ്രയാസങ്ങൾക്കോ സാക്ഷികളാകേണ്ടിവരുന്നു. വേറൊരാളെക്കുറിച്ച് പരാതിയും പരിഭവങ്ങളുമായി നമ്മുടെ അടുത്തേക്ക് വരുന്നവരെ □ എന്നാലും അങ്ങനെ നിന്നോട് അവൻ/അവൾ പെരുമാറിയല്ലോ□ എന്നു പറഞ്ഞ് നിസ്സാര പ്രശ്നങ്ങളെ ഊതി വീർപ്പിച്ച് കൊടുക്കാതെ; സാരമില്ല അതു പോട്ടെന്നെ, ക്ഷമിച്ചു കളയൂ എന്നു പറഞ്ഞാൽ ആദ്യം അവർക്ക് ഇഷ്ട്ടപ്പെട്ടില്ലെങ്കിൽ കൂടി അണപൊട്ടിയൊഴുകുന്ന ദേഷ്യത്തിന് ഒരറുതി വരുത്താൻ ഈ വാക്കിനു കഴിഞ്ഞേക്കും. പ്രശ്നങ്ങൾ തമ്മിലുള്ള വ്യക്തികളുടെ പ്രശ്നങ്ങൾ തീർക്കാൻ നമുക്ക് കഴിഞ്ഞില്ലെങ്കിലും നിലവിലുള്ള പ്രശ്നത്തെ വളർത്താനിടയാക്കാതെ നോക്കാൻ കഴിഞ്ഞേക്കും. പലപ്പോഴും പരാതി പറയുന്നവന്റെ അപ്രീതിക്ക് പാത്രമാകാതെ നോക്കുവാനാണ് ഏവരും പരിശ്രമിക്കുന്നത്.

എന്നാൽ ഇങ്ങനെ ക്ഷമിക്കുവാൻ കഴിയുന്ന ഒരു മനോഭാവം സ്വായത്തമാക്കുവാൻ നമുക്ക് കഴിഞ്ഞാൽ നമ്മുടെ വ്യക്തിജീവിതത്തിലും സാമൂഹ്യജീവിതത്തിലും വന്നുഭവിക്കുന്ന വിള്ളലുകൾ കുറയ്ക്കുവാൻ കഴിയും. അതിനു വേണ്ടി നമുക്കു പരിശ്രമിക്കാം. അങ്ങനെ ഈശോ പഠിപ്പിച്ച പ്രാർത്ഥന □ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ□ □ .□ അതിന്റെ അർത്ഥം ജീവിതത്തിൽ സ്വായത്തമാക്കി നമുക്കു ചൊല്ലാം

# ലിറ്ററേച്ചർ ആന്റ് മീഡിയാ മിനിസ്ട്രിക്ക് പുതിയ നേതൃത്വം

ജീസസ്സ് യൂത്തിന്റെ മലയാളം ടീമിലെ ലിറ്ററേച്ചർ ആന്റ് മീഡിയാ മിനിസ്ട്രിക്ക് പുതിയ നേതൃത്വമായി. പുതിയ ആനിമേറ്ററായി സെബാസ്റ്റ്യൻ ഡിക്രൂസിനേയും, കോർഡിനേറ്ററായി മാത്യു ഈപ്പനേയും തൂലികാ വാർത്താപത്രികയുടെ എഡിറ്ററായി ഷാബു ചുമ്മാറിനെയും അസിസ്റ്റന്റ് കോർഡിനേറ്ററായി സുസ്മിത ടി. ജോബിയേയും കഴിഞ്ഞ 12–ാം തിയ്യതി ചേർന്ന പൊതുയോഗത്തിൽ വെച്ച് തെരഞ്ഞെടുത്തു. മറ്റ് കോർ ടീം അംഗങ്ങൾ: ലിബു തോമസ്, ഫ്രാൻസിസ് കെ.കെ, അനീഷ് പി. എൽ., റെമിൻ സക്കറിയ, സ്നോബിൻ, തോമസ്. എം.ജെ., മെറിൻ തോമസ്, ആന്റണി, റിന്റോ (സർവ്വീസ് ടീം), വിപിൻ (എക്സ് ഒഫീഷ്യോ – ഫോർമർ ടീം)

# നന്ദി

ലിറ്ററേച്ചർ ആന്റ് മീഡിയ മിനിസ്ട്രിയുടെ നേതൃത്വത്തിലേക്കെത്തുമ്പോൾ, കഴിഞ്ഞുപോയ നേതൃത്വത്തേയും അതിൽ പ്രവർത്തിച്ച എല്ലാ മിനിസ്ട്രി അംഗങ്ങളേയും നന്ദിയോടെ ഓർക്കുന്നു.

പ്രത്യേകമായി തുടക്കം മുതൽ തൂലികയുടെ സഹയാത്രികനും 2011 മുതൽ 2014 വരെ ഈ മിനിസ്ട്രിയുടെ ആനിമേറ്ററായി പ്രവർത്തിച്ച ഷാജിചേട്ടൻ (ശ്രീ ഷാജി ജോസഫ്), 2011 മുതൽ കോ ഓർഡിനേറ്ററായി പ്രവർത്തിച്ച ശ്രീ വിപിൻ റാഫേൽ കൂടാതെ കഴിഞ്ഞ 4 വർഷക്കാലം തൂലികയുടെ എഡിറ്ററായി പ്രവർത്തിച്ച ശ്രീ ആന്റിജോയ് ഒല്ലൂട്ടു പുറത്ത് എന്നിവരേയും അവരുടെ കൂടെ നിന്ന് പ്രവർത്തിച്ച എല്ലാ കോർ അംഗങ്ങളേയും നന്ദിയോടെ ഓർക്കുന്നു.

## ഇ–മെയിൽ

ജീസസ്സ് യൂത്ത് ഗ്രൂപ്പിൽ നിന്നുമുള്ള അറിയിപ്പുകളും ജോലി സംബന്ധമായ ഒഴിവുകളെ ക്കുറിച്ചും അറിയുന്നതിന് നിങ്ങളുടെ ഇമെയിൽ അഡ്രസ്സ് **dubaijy@gmail.com** എന്നതിലേക്ക് അയക്കുക.

## പുതിയതായി കടന്നു വരുന്നവരുടെ ശ്രദ്ധയ്ക്ക്

ജീസസ്സ് യൂത്തിന്റെ പ്രാർത്ഥനാ ഗ്രൂപ്പിലേക്ക് പുതിയതായി കടന്നു വരുന്നവർ, അവരുടെ പേരും മറ്റു വിവരങ്ങളും വെൽക്കം മിനിസ്ട്രി അംഗങ്ങളുടെ പക്കൽ നൽകുക.

## യോഗയും സെൻ ധ്യാനരീതികളും മനുഷ്യഹൃദയങ്ങളെ ദൈവത്തിങ്കലേക്ക് തുറക്കാൻ കാരണമാകുന്നില്ല: പോപ്പ് ഫ്രാൻസീസ്

യോഗാഭ്യാസവും സെൻ മെഡിറ്റേഷനുകളും മനുഷ്യഹൃദയങ്ങളെ ദൈവത്തിങ്കലേക്ക് തുറക്കാൻ കാരണമാകുന്നില്ലെന്ന് പോപ്പ് ഫ്രാൻസീസ് പ്രസ്താവിച്ചു. പരിശുദ്ധാത്മാവിനു മാത്രമേ ഹൃദയത്തെ മാറ്റുവാൻ സാധിക്കുകയുള്ളൂവെന്നും അങ്ങനെ ദൈവത്തിങ്കലേക്കുള്ള തുറവി വഴി സ്നേഹത്തിന്റെ സ്വാതന്ത്ര്യത്തിലേക്ക് എത്തിച്ചേരുകയുള്ളൂവെന്നും പാപ്പ കൂട്ടിചേർത്തു.

## കാണ്ടമാലിലെ പാവപ്പെട്ടവർക്ക് ഭീതിയില്ലാതെ ജീവിക്കാൻ കഴിയണമെന്ന പ്രാർത്ഥന മാത്രം: ഫാ. തോമസ് ചെല്ലൻ

 മാരകമായി മുറിവേല്പിച്ചവരോടും ക്രൂരമായി പെരുമാറിയവരോടും ഒട്ടും വിരോധമില്ല. ജീവിതം തിരികെ തന്നതിന് ദൈവത്തോട് ഹൃദയം നിറയെ നന്ദി മാത്രം. കാണ്ടമാലിലെ പാവപ്പെട്ട മനുഷ്യർക്ക് ഭീതി കൂടാതെയും മതത്തിന്റെ പേരിലുള്ള വിവേചനങ്ങൾ ഇല്ലാതെയും ജീവിക്കാനുള്ള സാഹചര്യം ഉണ്ടാകണമെന്ന പ്രാർത്ഥനയാണ് മനസ്സുനിറയെ ഇത് ഫാ.തോമസ് ചെല്ലൻ. ആറ് വർഷങ്ങൾക്കു മുമ്പ് നടന്ന കാണ്ടമാൽ കലാപത്തിൽ മൃഗീയ മർദ്ദനത്തിനിരയും ഒരു കന്യാസ്ത്രീ കൂട്ട മാനഭംഗത്തിന് വിധേയയാക്കപ്പെട്ടതിന്റെ നേർ സാക്ഷിയുമാണ് ഫാ. തോമസ്. മാരകമായ ശാരീരിക പീഡനങ്ങൾക്ക് വിധേയനായ അദ്ദേഹം കഷ്ടിച്ചു രക്ഷപ്പെടുകയായിരുന്നു. അവരോട് പൂർണമായി ക്ഷമിച്ചെങ്കിലും ആ സംഭവങ്ങൾ മനസ്സിലുണ്ട്. വർഗീയ തിമിരമ ബാധിച്ച് അന്ധരായവർക്ക് ക്രിസ്ത്യാനികളുടെ ജീവനെടുക്കാനും ദേവാലയങ്ങളും ഒരു ജീവിത കാലം കൊണ്ട് സ്വരൂപിച്ചുണ്ടാക്കിയ സമ്പത്തുമെല്ലാം കൊള്ളയടിക്കാനും നശിപ്പിക്കാനും മാത്രമേ കഴിഞ്ഞുള്ളൂ. അവരുടെ വിശ്വാസത്തിന് അല്പംപോലും മങ്ങൽ ഏല്പിക്കാൻ സാധിച്ചില്ല. ആ സംഭവത്തിനുശേഷം അവിടെ വിശ്വാസം കൂടുതൽ കരുത്താർജിച്ചുകൊണ്ടിരിക്കുന്നു എന്നത് വർത്തമാനകാല ചരിത്രം.

# വി. സെബസ്ത്യാനോസിന്റെ തിരുന്നാൾ

ദുബായിലെ മലയാളി കമ്മ്യൂണിറ്റി വി. സെബസ്ത്യാനോസിന്റെ തിരുന്നാൾ
2015 ജനുവരി 16 ൽ നിന്നും മാറ്റി 30 നു വെള്ളിയാഴ്ച ആഘോഷിക്കുന്നു.
ഗേൾസ് സ്കൂൾ ഗ്രൗണ്ടിൽ രാവിലെ 11:30 ന് ആഘോഷമായ പാട്ടു
കുർബ്ബാനയും ലദീഞ്ഞും പ്രദക്ഷിണവും
നേർച്ച വിതരണവും ഉണ്ടായിരിക്കുന്നതാണ്



*വിശുദ്ധനായ സെബസ്ത്യാനോസേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ..*
*യേശുവിന്റെ നാമത്തെ പ്രതി പീഢനങ്ങൾ*
*പുഞ്ചിരിയോടെ ഏറ്റുവാങ്ങി മരിച്ച*
*അങ്ങ് ഞങ്ങളുടെ ജീവിതങ്ങളെ വിശുദ്ധീകരിക്കണമേ...*

## തിരുവചനയാത്ര

വചനത്തിലൂടെ പുതുവർഷത്തിലേക്ക് എന്ന ആശയത്തോടെ ദുബായ് ജീസസ്സ് യൂത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ  തിരുവചനയാത്ര  അത്യന്തം ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ സമംഗളം പര്യവസാനിച്ചു. 2014-ൽ ദൈവം നല്കിയ അനുഗ്രഹങ്ങൾക്ക് നന്ദി പറഞ്ഞുകൊണ്ടും പുതുവർഷത്തെ ദൈവസന്നിധിയിലേക്ക് സമർപ്പിച്ചുകൊണ്ടും 2014 ഡിസംബർ 31 ഉച്ചയ്ക്ക് 2 മണി മുതൽ 2015 ജനുവരി 4 പുലർച്ചെ 4 വരെ ബൈബിളിലെ ഉല്പത്തി മുതൽ വെളിപാടുവരെയുള്ള പുസ്തകങ്ങൾ ഏകദേശം 86 മണിക്കൂറുകൾ 307 പേരുടെ ഭാഗഭാഗിത്വം കൊണ്ട് അനുഗ്രഹമായി തിരുവചനയാത്രയോടനുബന്ധിച്ചു 04-01-2015 ന് വൈകുന്നേരം 8 മണിക്ക് മിനിഹാളിൽ ഫാ.സിബി അർപ്പിച്ച കൃതജ്ഞതാബലിയിൽ 200ൽ പരം പേർ പങ്കെടുത്തു. ദുബായ് ജീസസ്സ് യൂത്തിന്റെ എല്ലാ സ്ട്രീമുകളും, മിനിസ്ട്രി, സോണൽ ടീമുകളുടേയും ഒന്നിച്ചുള്ള പ്രവർത്തനം തിരുവചന യാത്രയുടെ ഭക്തിനിർഭരമായ നടത്തിപ്പിന് സഹായകരമായി.

## പാരീഷ് ഫെസ്റ്റിവെൽ

ദുബായ് സെന്റ് മേരീസ് പള്ളി സംഘടിപ്പിച്ച പാരീഷ് ഫെസ്റ്റിവെൽ വർണ്ണാഭമായ ചടങ്ങുകളോടെ കൊണ്ടാടി. ആഘോഷങ്ങളുടെ ഭാഗമായി ജീസസ്സ് യൂത്ത് അണിയിച്ചൊരുക്കിയ ഗെയിം സ്റ്റാളിന് മികച്ച പ്രതികരണമാണ് ലഭിച്ചത്. ഈ കാലഘട്ടത്തിന്റെ പവിത്ര വ്യക്തിത്വവും ലോക ക്രൈസ്തവ സഭയുടെ ആത്മീയ ആചാര്യനുമായ വിശുദ്ധ ഫ്രാൻസീസ് മാർപാപ്പായുടെ പൂർണകായ പ്രതിമ സ്റ്റാളിന്റെ കൗതുകങ്ങളിൽ ഒന്നായിരുന്നു. സംഘാടകർ ഒരുക്കിയ  സെൽഫി വിത്ത് പാപ്പ  എന്ന ആശയം അനേകരെ സ്റ്റാളിലേക്ക് ആകർഷിക്കുകയും പാപ്പയോടൊപ്പം ഫോട്ടോ എടുക്കുവാനുമുള്ള സൗകര്യം പ്രയോജനപ്പെടുത്തുകയും ചെയ്തു. ജീസസ്സ് യൂത്ത് സഹോദരങ്ങളുടെ കൂട്ടായ പ്രവർത്തനം മറ്റു സ്റ്റാളുകളിൽ നിന്നു ജീസസ്സ് യൂത്തിന്റെ സ്റ്റാളിനെ വ്യത്യസ്തമാക്കി.

## ഓൺലൈൻ ക്വിസ്സ് (ബീറ്റാ)

തൂലികയുടെ വെബ്സൈറ്റിൽ ഓൺലൈൻ ക്വിസ്സ് പ്രോഗ്രാം പരീക്ഷണാടിസ്ഥാനത്തിൽ ലഭ്യമാണ്. രജിസ്ട്രേഷൻ വളരെ എളുപ്പത്തിൽ നടത്തി ക്വിസ്സിൽ പങ്കെടുക്കാം.

## തൂലിക ഓൺലൈനിൽ

തൂലികയുടെ പതിപ്പുകൾ ഓൺലൈനിൽ ലഭ്യമാണ്. പി.ഡി.എഫ്. കോപ്പി വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഓരോ ആഴ്ചയും തൂലിക പുറത്തിറങ്ങുമ്പോൾ നിങ്ങളുടെ ഈ മെയിലിൽ ലിങ്ക് ലഭിക്കുവാൻ പേരും ഇമെയിലും വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക.

English Mass Timings

**St. Mary's Church, Dubai**

**Friday**: 6:00 am, 7:15 am, 9:00 am, 10:15 am (Children's) 3:30 pm (children's catechism), 4:45 pm, 6:15 pm

**Saturday**: 6:00 am, 6:45 am, 9:00 am, 12 noon, 5:00 pm, 7:30 pm (Sunday obligation)

**Sunday**: 6:00 am, 6:45 am, 9:00 am, 12 noon, 4:30 pm, 6:00 pm & 7:30 pm

**Weekdays (Mon-Thu)**: 6:00 am, 6:45 am, 12 noon & 7:00 pm

## ദിവ്യബലി സമയം – മലയാളം

സെന്റ് മേരീസ് ദേവാലയം – ദുബൈ

- എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷം 2 മണിക്ക്
- ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8 മണിക്ക്
- നാലാമത്തെ ബുധനാഴ്ച വൈകുന്നേരം 8 മണിക്ക്
- **മലങ്കര റീത്തിൽ**: എല്ലാ വെള്ളിയാഴ്ചയും രാത്രി 7:30 ന് ( മിനി ഹാൾ)

## ജീസസ്സ് യൂത്ത് – ദുബൈ

- **എല്ലാ വെള്ളിയാഴ്ചയും** (ആദ്യ വെള്ളി ഒഴികെ) – രണ്ടുമണിയുടെ ദിവ്യബലിക്കു ശേഷം (റൂം നമ്പർ 6–ൽ).
- **മധ്യസ്ഥപ്രാർത്ഥന**: എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 8:30 മുതൽ 9:30 വരെ (റൂം നമ്പർ 4–ൽ).
- **നൈറ്റ് വിജിൽ** – മാസത്തിന്റെ ആദ്യ വ്യാഴാഴ്ചകളിൽ.
- **JY ഫാമിലി** – മാസത്തിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5:00 മുതൽ ജെ. വൈ. ഹോമിൽ വെച്ച്.
- **JY ടീൻസ്** – എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) ഉച്ചക്ക് 12 മുതൽ 2 വരെ റൂം നമ്പർ 4 ൽ വെച്ച്.
- **JY English**: 7:00 മുതൽ 9:00 (Saturdays)

## കരിസ്മാറ്റിക് പ്രാർത്ഥനാ സമയം

- **ഉപവാസ പ്രാർത്ഥന** – ആദ്യ വെള്ളിയാഴ്ച (രാവിലെ 10:30 മുതൽ 1:30 വരെ), ക്രിസ്റ്റീൻ (രാവിലെ 10:30 മുതൽ 1:30 വരെ)
- **എല്ലാ തിങ്കളാഴ്ചയും** – വൈകുന്നേരം 7:30 മുതൽ 9:00 വരെ
- **മധ്യസ്ഥപ്രാർത്ഥന** – എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) രാവിലെ 8:30 മുതൽ 11:00 വരെ (റൂം നമ്പർ 4–ൽ)

## സോണൽ കൂട്ടായ്മകൾ

- **കരാമ** – ജോർജ്ജ് (050–8872480)
- **ബർദുബായ്** – ബോബൻ (055–2179148)
- **ലുലു വില്ലേജ്** – അരുൺ (052–7308025)
- **അൽ നാഹ്ദ** – ഷെറിൻ (052–7509024)
- **ഖിസൈസ്** – ടോളി ആന്റണി (055 5507213)
- **സോനാപൂർ** – പ്രവീൺ (055–3604834)
- **അൽഖൂസ് (1)** – ജോസ് (055–7412601)
- ***അൽഖൂസ് (2)*** – *ആൻസൺ (055–1448536)*
- ***അൽഖൂസ് (3)*** – *ഷിനോ (055–1742790)*
- ***അൽഖൂസ് (4)*** – *സോണി (056–9334565)*
- ***അൽഖൂസ് (5)*** – *ജോസ് (055–7412601)*
- **മുത്തീന** –ബിനോജ് ജോസഫ് (050–2538130)
- **അൽ ബറാഹ** –ടോജോ (055–8585125)
- **സത്‌വാ** –നിതിൻ (052–9160682)
- **ഹോർഅൽആൻസ്** –വിൻസൺ(055–4250709)
- **ഇന്റർനാഷണൽ സിറ്റി** – ഷിബിൻ (055–4673383)
- **സിലികോൺ ഒയാസീസ്** –ജോമി (055–4673383)

# ജീസസ്സ് യൂത്ത് ഫാമിലി

- **J.Y. ഹോം. റാഷിദിയ**
  ഡാൽട്ടൺ & സ്മിന 055 4523032
- **അൽ നാഹ്ദ സോണൽ**
  സെബാസ്റ്റ്യൻ & ലിജിയ 050–3986934


***for private circulation (within the church compound) only***

***Thoolika** - Weekly newsletter of Dubai Jesus Youth.*

***Published by**: (Mathew Eappan) for Literature & Media Ministry of Jesus Youth, Dubai*

***Patron**: Rev. Fr. Seraphin OFM Cap. **Animator**:Sebastian Dicrus*

***Editor**: Shabu Chummar (055-4960319) **Cover**: Anish Mathew*

***E-mail**: thoolikaa@gmail.com **Web:*** http://thoolikaa.org & http://thoolikaa.net



"Dear young people, do not bury your talents, the gift that God has given you! Do not be afraid to dream of great things!"



Pope Francis

Jesus Youth
DUBAI

FOR PRIVATE CIRCULATION (WITHIN THE CHURCH COMPUND) ONLY